പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1281 — 20.01.2014-ലെ മറുപടിക്ക്

## മിച്ചഭൂമി സ്വകാര്യ സ്ഥാപനങ്ങൾക്ക് നല്കുന്ന നടപടി

**ചോദ്യം**
ശ്രീ. എസ്.രാജേന്ദ്രൻ

**മറുപടി**
ശ്രീ.അടൂർപ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മിച്ചഭൂമി സ്വകാര്യ ആവശ്യങ്ങൾക്ക് വിട്ടുകൊടുക്കാൻ നിയമം വ്യവസ്ഥ ചെയ്യുന്നുണ്ടോ; എങ്കിൽ അത് സംബന്ധിച്ച നിയമവ്യവസ്ഥകൾ വിശദമാക്കാമോ ? | (എ) | കേരള ഭൂപരിഷ്കരണ നിയമം 96-ാം വകുപ്പിൽ നിബന്ധനയ്ക്ക് വിധേയമായി മാത്രമാണ് മിച്ചഭൂമി പതിച്ചു നൽകാൻ വ്യവസ്ഥയുള്ളത് |
| (ബി) | ഇല്ലെങ്കിൽ നിയമവ്യവസ്ഥമറികടന്നുകൊണ്ട് ഈ സർക്കാറിന്റെ കാലത്ത് ഏതെങ്കിലും സ്വകാര്യ കമ്പനിക്ക് മിച്ചഭൂമി നല്കാൻ തീരുമാനം എടുത്തിട്ടുണ്ടോ : | (ബി) | ഇല്ല |
| (സി) | മിച്ചഭൂമി സ്വകാര്യ സ്ഥാപനങ്ങൾക്ക് നല്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ ഏതൊക്കെയാണ്; ഏതെല്ലാം ഉത്തരവുകൾ വഴി ഏതെല്ലാം സർവ്വേ നമ്പറുകളിൽപ്പെട്ട എത്ര ഏക്കർ ഭൂമി വീതം ഏതെല്ലാം സ്വകാര്യ കമ്പനികൾക്ക് ഏതെല്ലാം ആവശ്യങ്ങൾക്ക് നൽകുവാൻ തീരുമാനിക്കുകയുണ്ടായി ; വിശദമാക്കാമോ? | (സി) | സ്വകാര്യ കമ്പനികൾക്ക് മിച്ചഭൂമി പതിച്ചു നൽകിയിട്ടില്ല. എന്നാൽ 17.10.2011 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.379/11/റവന്യൂ പ്രകാരം കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ പട്ടുവം വില്ലേജിൽ റീ-സർവ്വെ 8/1 എ 2 ൽപ്പെട്ട 9.80 ഏക്കർ മിച്ചഭൂമി അനാഥരുടെയും വൃദ്ധരുടെയും പുനരധിവാസ കേന്ദ്ര നിർമ്മാണത്തിനായി 30 വർഷത്തേക്ക് ദീന സേവനസമിതിക്ക് പാട്ടത്തിന് നൽകി ഉത്തരവായിട്ടുള്ളതാണ്.<br>കോട്ടയം ജില്ലയിൽ തീക്കോയി വില്ലേജിൽ മുരുകൻമല ക്ഷേത്രം സ്ഥിതി ചെയ്യുന്ന 25 ഏക്കർ പൊതു ആവശ്യത്തിനായി മാറ്റി വച്ചിരുന്ന മിച്ചഭൂമിയിൽ 15 ഏക്കർ ക്ഷേത്ര സമുച്ചയം പണിയുന്നതിന് എസ്.എൻ.ഡി.പി യോഗത്തിനും 10 ഏക്കർ സാംസ്കാരിക കേന്ദ്രം പണിയുന്നതിന് എസ്.എൻ ട്രസ്റ്റിനുമായി 14.03.2012 ലെ സ.ഉ(എം.എസ്) നം.107/12/റവന്യൂ, 13.09.2012 ലെ സ.ഉ(എം.എസ്)നം.346/12/റവന്യൂ എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം പതിച്ചുനൽകിയിട്ടുണ്ട്. ടി സ്ഥലം തീക്കോയി വില്ലേജിൽ ബ്ലോക്ക് നമ്പർ 62 ലെ റീ-സർവ്വെ നമ്പർ 369 ൽപ്പെട്ടതാണ്. |

സെക്ഷൻ ഓഫീസർ